# പിന്തുണയുടെ സ്തംഭങ്ങള്

## Pillars of Support

Srdja Popovic, Slobodan Djinovic, Andrej Milivojevic, Hardy Merriman, and Ivan Marovic

From the Book: 'Canvas Core Curriculum: A Guide to Effective Nonviolent Struggle'
Centre for Applied Nonviolent Actions and Strategies, 2007
Translation: March 2018

# <u>പിന്തുണയുടെ സ്തംഭങ്ങള്</u>

ഭരണാധികാരികള് സ്വയം നികുതി പിരിക്കുക നിയമങ്ങളുടെ ശാസനങ്ങള് നടപ്പിലാക്കുക,, സമയത്ത് ട്രെയിന് ഓടിക്കുക, ദേശീയബഡ്ജറ്റ് ഉണ്ടാക്കുക, ട്രാഫിക് നിയന്ത്രിക്കുക, തുറമുഖപ്രവര്ത്തനം നിയന്ത്രിക്കുക, രാജ്യത്തിനു ആവശ്യമായ കറന്സി നോട്ടുകള് അച്ചടിക്കുക, റോഡുകള് സംരക്ഷിക്കുക, പോലീസ്, പട്ടാളം എന്നിവയ്ക്ക് പരിശീലനം നല്കുക, പോസ്റ്റല് സ്റ്റാമ്പുകള് അച്ചടിക്കുക. പശുവിനെ കറന്ന് പാലെടുക്കുക എന്നിവ ചെയ്യുന്നത് പലസംഘടനകളിലൂടെയും സ്ഥാപനങ്ങളിലൂടെയുമാണ്. ഇങ്ങനെയുള്ള സേവനങ്ങള് ജനങ്ങള് അവസാനിപ്പിച്ചാല് ഭരണ കര്ത്താക്കള്ക്ക് ഭരിക്കാന് സാധിക്കാതെവരും. ഒരിക്കല് നമ്മള് മനസ്സിലാക്കണം എങ്ങനെ ഈ രാഷ്ട്രീയശക്തി വിനിയോഗിക്കണമെന്ന്. ഒരു സമൂഹത്തില് അധികാരം ജനങ്ങളിലാണ്. അവര് ആശക്തി ഉപയോഗിക്കുന്നതില് കൂടുതല് പ്രവര്ത്തനക്ഷമമാക്കുന്നത് അവര് ഒരുമിച്ച് പലസംഘടനകളിലും സ്ഥാപനങ്ങളിലും, അതായത് പോലീസ്, സിവില് ഉദ്യോഗസ്ഥന്മാര്, തൊഴിലാളിസംഘടനകള്, ബിസിനസ്സ് ഗ്രൂപ്പുകള് പ്രവര്ത്തിക്കുമ്പോള് ചില സംഘടനകള് നിങ്ങളുടെ സമരത്തെ പിന്തുണയ്ക്കും മറ്റുചലസംഘടനകള് നിങ്ങളുടെ പ്രതിയോഗികളായിയും പ്രവര്ത്തിക്കും.

നാം ഇങ്ങനെ സഹായിക്കുന്ന സംഘടനകളെ പിന്തുണയ്ക്കുന്ന സ്തംഭങ്ങള് എന്ന് വിളിക്കുന്നു. എന്തുകൊണ്ടെന്നാല് അവരാണ് സമൂഹത്തിലെ അധികാരഘടനയെ പിന്തുണയ്ക്കുന്നവര്. ഒരു അക്രമരഹിതസമരത്തിന്റെ പ്രാരംഭത്തില് ഈ പിന്തുണയ്ക്കുന്ന സ്തംഭങ്ങളില് പലതും നിങ്ങളുടെ പ്രതിയോഗികളെയായിരിക്കും പിന്തുണയ്ക്കുന്നത്. എന്നാല് ഈ സംഘടനകളും സ്ഥാപനങ്ങളും നിങ്ങളുടെ പ്രതിയോഗികള്ക്കുള്ള പിന്തുണ പിന്വലിച്ചാല് (ചിലപ്പോള് പലസംഘടനകളും നിങ്ങളുടെ സമരത്തെ ശക്തിയായി പിന്തുണ യ്ക്കുന്നവരായിരിക്കാം) നിങ്ങളുടെ പ്രതിയോഗിക്ക് നിയന്ത്രണം സംരക്ഷിച്ചു നിറുത്താല് സാധിക്കാതെ വരും

SPOI : പിന്തുണയുടെ സ്തംഭങ്ങള് നിര്വ്വചചിക്കുക.

| TIP: ജനങ്ങള് പിന്തുണ പിന്വലിച്ചാല് ഭരണാധികാരികള്ക്കു ഭരിക്കാന് സാധിക്കാതെ വരും. |
|---|

നമ്മുടെ ഉദ്ദേശ്യത്തിനുവേണ്ടി
**പിന്തുണയുടെ സ്തംഭങ്ങളെ ഇങ്ങനെ നിര്വച്ചിക്കാം.**
പിന്തുണയുടെ സ്തംഭങ്ങള് ആ സ്ഥാനങ്ങളും സമൂഹത്തിലെ ഭാഗങ്ങളുമാണ് ആരൊക്കെയാണോ നിലവിലുള്ള ഭരണത്തെയും അധികാരം വര്ദ്ധിപ്പിക്കാനുള്ള ശക്തിയെ വര്ദ്ധിപ്പിക്കാന് ഉറവിടം കൊണ്ടു സഹായിക്കുന്നത്.
ഡോക്ടര് ജിനേഷാര്പ്പ് ആക്രമരഹിതസമരം നടത്തുക

ഓരോ സമൂഹത്തിലും പലവിധത്തിലുള്ള പിന്തുണയുടെ സ്തംഭങ്ങളെ തിരിച്ചറിയാന് സാധിക്കും. പോലീസ്, പട്ടാളം, ഭരിക്കുന്നസ്ഥാപനങ്ങള് അതായത് നീതിന്യായ സ്ഥാപനങ്ങള് ഇലക്ഷന് കമ്മീഷന് സിവില് ഉദ്യോഗസ്ഥന്മാര്, വിദ്യാഭ്യാസ സ്ഥാപനങ്ങള്, സര്ക്കാര് നിയന്ത്രണത്തിലുള്ള വാര്ത്താവിനിമയോപാധികള് വ്യവസായ സമൂഹം തുടങ്ങിയ ഇതരസ്ഥാപനങ്ങളുടെ പിന്തുണയുടെ സ്തംഭങ്ങളില് ഉല്പ്പെടും.

| <u>സുപ്രധാനമായത്</u> പിന്തുണയ്ക്കുന്ന സ്തംഭങ്ങളും സാമൂഹ്യ ധര്മ്മങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക |
|---|

നമ്മള്സാമൂഹ്യധര്മ്മങ്ങളായ സാമ്പത്തിക ശാസ്ത്രത്തെയും മതത്തെയും പിന്തുണയ്ക്കുന്ന സ്തംഭങ്ങളുടെ കൂട്ടത്തില് പരിഗണിച്ചില്ല അവ സാമൂഹ്യധര്മ്മങ്ങള് സൃഷ്ടിക്കുകയും അവ നടത്തിക്കൊണ്ടുപോകുന്നതു മായ പിന്തുണയുടെ സ്തംഭങ്ങള്

നിങ്ങള്ക്ക് സമൂഹത്തില് പ്രേരണചെലുത്തണമെങ്കില് നിലനില്ക്കുന്ന ശക്തിയുടെ ഘടനയും സാമൂഹ്യധര്മ്മങ്ങളും പിന്തുണയ്ക്കുന്ന (പിന്തുണയുടെ സംതഭങ്ങളെ)

സ്ഥാപനങ്ങളെയും സംഘടനകളെയും തിരിച്ചറിയുകയും നിങ്ങളുടെ പ്രയത്നം ആ സ്ഥാപനങ്ങളില് കേന്ദ്രീകരിക്കുകയും ചെയ്യണം.




| |
|---|
| **SPO 2** നിങ്ങള് ഒരു പിന്തുണയുടെ സ്തംഭത്തില് നിന്നും പിന്വാങ്ങുകയോ അതില് ഭാഗമാകുകയോ ചെയ്യുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുക. |

ഒരു ആക്രമരഹിത സമരത്തില് പങ്കെടുക്കുന്ന ഓരോ പിന്തുണയ്ക്കുന്ന സ്തംഭത്തില് ഭാഗമാക്കാവുന്നവരുടെ പെരുമാറ്റവും അവരുടെ മാര്ഗ്ഗങ്ങളും മനസ്സിലാക്കേണ്ടത് നിര്ണ്ണായകമാണ്.

* എതിര്കക്ഷികളോട് വിശ്വസ്തത പുലര്ത്തുന്നവരുടെ വിശ്വസ്തത ക്രമമായിനശിപ്പിക്കുക
* അവരുടെ നൈപുണ്യം അറിവ് സാമ്പത്തിക സ്രോതസ്സ് സമയം എന്നിവ പ്രതിയോഗികള്ക്കു

അനുകൂലമായി വിനിയോഗിക്കുന്നതില് നിന്നും അവരെ നിരസ്സിക്കാന് പ്രേരിപ്പിക്കുക.

ഓരോ വ്യക്തിഗത പിന്തുണ സ്തംഭങ്ങളിലേക്ക് ചേരുന്നതിനേക്കാള് അതില് നിന്നും പുറത്തേക്ക് വരുവാന് നിങ്ങളുടെ അക്രമരഹിത പ്രവര്ത്തനങ്ങളെ ലക്ഷ്യമിടുക

ഒരു ആക്രമരഹിതസമരം വിജയിക്കുകയും ഒരു പ്രത്യേക പിന്തുണയുടെ സ്തംഭങ്ങളെ സ്വാധീനിക്കുകയും ചെയ്താല് ആ സ്തംഭത്തിലുള്ള അംഗങ്ങള് നിങ്ങളുടെ പ്രതിയോഗിക്ക് നല്കിയിരിക്കുന്ന പിന്തുണപിന്വലിക്കുന്നതായും ഗഡുവായും അഥവാ രഹസ്യമായും ആജ്ഞകള് അനുസരിക്കാതിരി ക്കുകയോ പൂര്ണ്ണമായി അവഗണിക്കുകയോ ആജ്ഞകള് സാവധാനത്തില് പ്രവൃത്തിയില് കൊണ്ടുവരികയോ അപൂര്ണ്ണ മായോ അശക്തമായ രീതിയിലോ നടപ്പില് വരുത്തും.



ഉദാഹരണമായി കഴിഞ്ഞ പേജിലെ ഡയഗ്രം നോക്കിയാല് നിങ്ങള് പട്ടാളക്കാരുടെ വിശ്വസ്തത ക്രമേണ കുറച്ചുകൊണ്ടുവരാന് ചെയ്യുന്നതായി കഴിഞ്ഞ തലമുറചെയ്തിട്ടുണ്ട് അങ്ങനെ ചെയ്യുന്നത് അവരുമായി തെരുവില് സംഭാഷണത്തില് ഏര്പ്പെടുക, അവരെ ഓര്മ്മിപ്പിക്കുക അവര് അച്ഛന്മാരാണ് മക്കളാണ് ഭര്ത്താക്കന്മാരാണ് അവരുടെ ദേശസ്നേഹത്തെ ഓര്മ്മിക്കുക അതുപോലെ അവര്ക്ക് ഉറപ്പുകൊടുക്കുക അവരുടെ എതിര്കക്ഷികള് ഭരണത്തിലെത്തിച്ചേര്ന്നാല് നിലവിലെ സര്ക്കാരിനേക്കാള് മെച്ചപ്പെട്ട ഒരു ഭരണം അവര്ക്കും അവരുടെ കുടുംബങ്ങള്ക്കും പ്രദാനം ചെയ്യാന് സാധിക്കും ഇത്തരത്തിലുള്ള പെരുമാറ്റം മൂലം അവരുടെ വിശ്വസ്തത അവരുടെ പിന്തുണയുടെ സ്തംഭത്തിന്റെ എതിര്ദിശയിലേക്ക് നീങ്ങുന്നതായി കാണം. ഇതുകൊണ്ടാണ് ചില സ്വേച്ഛാധിപതികളായ ഭരണകര്ത്താക്കള് സമരഭടന്മാരെ ക്ഷോഭിപ്പിച്ച് അവരെക്കൊണ്ടു അക്രമാസക്തമായ പ്രവൃത്തിചെയ്യിക്കും. അവര്ക്കറിയാം അവരോടുവളരെ അടുത്തു നില്ക്കുന്ന പട്ടാളക്കാരെ കൂറെക്കൂടി അടുപ്പിക്കാന് സാധിക്കും അവര്കൂടുതല് അനുസരണാശീലമുള്ളവരായിത്തീരും.

SPO3ഓരോ സ്തംഭത്തില് കൂടിയും ശക്തിമാര്ഗ്ഗത്തില് വിനിയോഗിക്കാന് സാധിക്കുമെന്ന് നിര്വഹിക്കുക.
ഓരോ പിന്തുണയുടെ സ്തംഭങ്ങള്ക്കും സമൂഹത്തിലുള്ള പ്രാധാന്യം വിലയിരുത്തുക.ഈ ഭാഗത്ത് പിന്തുണ നല്കുന്ന അനേകം സ്തംഭങ്ങളുടെ പൊതുവായ ധര്മ്മങ്ങള് പുനരവലോകനം ചെയ്യുന്നു.